LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം പരിഹരിക്കാൻ നടപടി

*23 [100] *ശ്രീ. ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:*
„ *കെ. ബി. ഗണേഷ് കുമാർ:*
„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡീസൽ വില ഉയർന്ന സാഹചര്യത്തിൽ യാത്രക്കൂലി വർദ്ധിപ്പിച്ചു കൊണ്ട് നഷ്ടം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരവും ജനങ്ങൾക്ക് ഉപകാര പ്രദവുമായ രീതിയിൽ സമയവും, റൂട്ടുകളും പുനഃക്രമീകരിച്ച് ഓടിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സാധുജന സംരക്ഷണ പദ്ധതി

*24 [101] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സാധുജന സംരക്ഷണ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ നിശ്ചയിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) ഉണ്ട്.

(ബി) ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ആശ്രയ പദ്ധതിയനുസരിച്ച് കുടുംബശ്രീ അഗതി കുടുംബങ്ങളായി കണ്ടെത്തിയിട്ടുള്ള പട്ടികയിലുള്ളവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. കൂടാതെ സാമൂഹ്യക്ഷേമവകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്ന അഗതികളും ഇതിന്റെ ഗുണഭോക്താക്കളായിരിക്കും. ഇവരെ തെരഞ്ഞെടുക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പാണ്.

(സി) കുടുംബശ്രീ ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്ന 368 പഞ്ചായത്തുകളിലാണ് ഈ പദ്ധതി പ്രാവർത്തികമാകുന്നത്. നിലവിൽ കുടുംബശ്രീ ആശ്രയ പദ്ധതി പ്രാവർത്തികമാക്കിവരുന്ന പഞ്ചായത്തുകളിലും ഭാവിയിൽ കുടുംബശ്രീ ആശ്രയ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ശേഷിക്കുന്ന പഞ്ചായത്തുകളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാധുജന സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) സംസ്ഥാനത്തെ സാധുക്കളായ ജനങ്ങൾക്ക് അവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ട് എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബശ്രീ ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി അഗതി കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഗതി കുടുംബങ്ങളും കാലാകാലങ്ങളിൽ കുടുംബശ്രീയോ, ഇതര സർക്കാർ ഏജൻസികളോ കണ്ടെത്തുന്ന അഗതി കുടുംബങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്ന സ്ത്രീകളുമാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള സാധുജനം എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നത്. മേൽ പ്രസ്താവിച്ച വിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാരോ ഇതര സർക്കാർ ഏജൻസികളോ നൽകുന്ന ധനസഹായത്തിന് പുറമേ ഗുണഭോക്താക്കളുടെ ആവശ്യകതയ്ക്കനുസൃതമായി പരമാവധി പതിനായിരം രൂപവരെ കുടുംബം ഒന്നിന് അതാത് ഗ്രാമപഞ്ചായത്തുകൾവഴി വിതരണം ചെയ്യുവാൻ പദ്ധതി വ്യവസ്ഥ ചെയ്യുന്നു. പദ്ധതി പ്രാവർത്തികമാക്കുന്നത് ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്തുകളിലാണ്. നിലവിൽ 368 ഗ്രാമപഞ്ചായത്തുകളിൽ ആശ്രയ പദ്ധതി പ്രാവർത്തികമാക്കി വരുന്നു. ശേഷിക്കുന്ന ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ആശ്രയ പദ്ധതി പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. 17-12-2004-ലെ സ.ഉ. (എം. എസ്.) നം. 101/04/ സാക്ഷേവ. പ്രകാരം പദ്ധതിയുടെ നിർവഹണ ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എം. എൽ. എ. അദ്ധ്യക്ഷനായുള്ള നിയോജക മണ്ഡലം കമ്മിറ്റി രൂപീകരിച്ച് ധനസഹായത്തിന് അർഹരായവരെ തെരഞ്ഞെടുക്കണമെന്നാണ് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നത്. പദ്ധതി നിർവ്വഹണത്തെക്കുറിച്ച് 16-4-2005-ന് സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി നടത്തിയ അവലോകനത്തിൽ പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കുന്ന ഒരു പദ്ധതി എന്ന നിലയിൽ പഞ്ചായത്തുതല നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത കമ്മിറ്റിയിൽ എം. എൽ. എ.-യെ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള നിർവ്വഹണ മാർഗ്ഗരേഖ പരിഷ്കരിച്ചു മാത്രമേ പദ്ധതി സുഗമമായി പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർവ്വഹണ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് കുടുംബശ്രീയെ പ്രസ്തുത യോഗം ചുമതലപ്പെടുത്തുകയുണ്ടായി. 30-6-2005-ന് സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരും കുടുംബശ്രീ പ്രതിനിധികളുടെയും ഒരു ഉന്നതതല വർക്ക് ഷോപ്പിൽവച്ച് സുഗമമായ പദ്ധതി നിർവ്വഹണത്തിനനുസൃതമായ തരത്തിൽ നിർവ്വഹണചട്ടങ്ങൾക്ക് ഭേദഗതികൾ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ നിർവ്വഹണചട്ടങ്ങൾ രൂപീകരിച്ച് കഴിഞ്ഞാലുടൻ സംസ്ഥാനത്ത് പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുന്നതാണ്. ഈ പദ്ധതിയിലേക്ക് 65 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ടി. എസ്. ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്കുള്ള ധനസഹായം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നത്. ഇതിലേക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ പേരിൽ പലിശരഹിത ടി. എസ്. ബി. അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ നവീകരിക്കുവാൻ നടപടി

*25 [102] *ശ്രീ. തോമസ് ചാഴികാടൻ:*

„ *രാജു അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) ബോട്ട് സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

GPM. 2/573/2012—8

LIBRARY ARCHIVES Kerala Legislative Assembly